# മോഹിനിയാട്ടത്തിലെ നാടോടി സ്വത്വാവിഷ്കരണം

ആമുഖം

പ്രത്യേക ആശയമോ അർത്ഥവ്യാപ്തിയോ ഇല്ലാതെ സാഹചര്യങ്ങൾക്ക് അനുസൃതമായി വിനോദോപാധിയായി സൃഷ്ടിക്കപ്പെട്ടതാണ് കേരളത്തിലെ പാട്ടും, ആട്ടവും. ഒരാളിൽനിന്നും മറ്റൊരാളിലേയ്ക്കു കൈമാറിപ്പോകുന്നതും 'നാടോടി' എന്ന വാക്കിന്റെ പൊരുളിനെ വെളിപ്പെടുത്തുന്ന സ്വഭാവവിശേഷങ്ങളോടു കൂടിയതുമാണ് അവയെല്ലാം. ആദിമ ജനതയുടെ സാംസ്കാരിക മൂല്യങ്ങൾ നിഴലിക്കുന്നതിനൊപ്പംതന്നെ നൂറ്റാണ്ടുകളായി ബാഹ്യമായ കടന്നുവരവുകളെ സ്വീകരിച്ചും നിരാകരിച്ചും നിലനിൽക്കുന്നതുമാണത്. കേരളീയ സമൂഹത്തിൽ ജീവിതാനുഷ്ഠാനത്തിന്റെയും ആചാരത്തിന്റെയും ഭാഗമായി നിലനിന്നിരുന്ന ആട്ടവും പാട്ടും ആസ്വാദ്യത നിറഞ്ഞ 'കലാരൂപങ്ങൾ' എന്ന തലത്തിലേയ്ക്ക് പരിണമിക്കുന്നത് ക്ഷേത്രങ്ങളുടെ കടന്നുവരവോടെയാണ്. പ്രകൃതിയോടു ലയിച്ചു ജീവിച്ചിരുന്ന മനുഷ്യർ പ്രകൃതി ശക്തികളെ തന്നെയായിരുന്നു ആരാധനാ മൂർത്തികളായി കരുതിയിരുന്നത്. കാവുകളിലും മരച്ചുവടുകളിലും ആരാധന നടത്തിയിരുന്ന സമൂഹത്തിലേക്ക് ക്ഷേത്രങ്ങൾ കടന്നുവന്നത് വലിയൊരു മാറ്റത്തിന് വഴിതെളിക്കുകയുണ്ടായി. വിഗ്രഹാരാധനയാകട്ടെ മനുഷ്യരെ പ്രകൃതിയിൽനിന്നും അകറ്റുകയാണ് ചെയ്തത്. ഭക്തി, ഭാഷ, താളം, ആലാപനം, ചലനം, നൃത്തം എന്നിവയിലെല്ലാം ദ്രാവിഡസംസ്കാരം ലയിച്ചിരുന്ന കേരളത്തിന്റെ പാരമ്പര്യത്തിൽ

ക്ഷേത്രസംസ്കാരം ലയിച്ചതോടെ കലകളിൽ നാടോടി, അനുഷ്ഠാനം, ശാസ്ത്രീയം എന്നീ വിഭജനങ്ങൾ സംഭവിക്കുകയായിരുന്നു.

ഭാരതത്തിലെ മറ്റേതൊരു ഭൂവിഭാഗത്തെയുമപേക്ഷിച്ച് കേരളത്തിന്റെ ഭൂമിശാസ്ത്രപരമായ പ്രത്യേകതകൾ, ഇതര ദേശങ്ങളിൽ നിന്നും വ്യത്യസ്തമായ ഒരു സംസ്കാരം സൃഷ്ടിക്കപ്പെടുന്നതിനു കാരണമായി ത്തീർന്നു. രാഷ്ട്രീയ സാമ്പത്തിക സാമൂഹിക ഘടകങ്ങളും വൈദേശിക സ്വാധീനവും കേരളത്തിന്റെ സാംസ്കാരിക അന്തരീക്ഷത്തിൽ ചലനങ്ങൾ സൃഷ്ടിച്ചിട്ടുണ്ടെങ്കിലും കലാപരമായ സങ്കേതങ്ങളിൽ തങ്ങളുടേതായ തനിമ നിലനിർത്താൻ കേരളീയ ജനത നൂറ്റാണ്ടുകളായി ശ്രദ്ധിച്ചിട്ടുണ്ട്.

പാരമ്പര്യം കാത്തുസൂക്ഷിക്കുന്ന ഏതൊരു ജനസംസ്കൃതിയും സമൂഹസ്വഭാവത്തിനു യോജിച്ച കലാസങ്കല്പങ്ങൾ സൃഷ്ടിച്ചെടുക്കുന്നുണ്ട്. ഒരു പ്രദേശത്തെ ജനതയുടെ ഭാഷയുടേയും പ്രവൃത്തിയുടേയും സ്വഭാവങ്ങൾ ഉൾക്കൊള്ളുവാൻ കലകൾക്കു കഴിയുമ്പോഴാണ് അതു സംസ്കാരത്തെ വഹിക്കുവാൻ പ്രാപ്തമാകുന്നത്. കേരളത്തിലെ ജനസമൂഹങ്ങൾ, ജീവിതരീതികൾ, ഭാഷ, വേഷം, ഭക്ഷണം, കാലാവസ്ഥ മുതലായ ഘടകങ്ങളെല്ലാം ചേർന്നുണ്ടായ ഒരു സാംസ്കാരികാന്തരീക്ഷം ഇവിടുത്തെ കലകളുടെ വളർച്ചയ്ക്കു നിദാനമായിട്ടുണ്ട്. പ്രാദേശിക സവിശേഷതകൾ കലാരൂപങ്ങളുടെ ഉത്ഭവ-വളർച്ചാ-പരിണാമങ്ങളിൽ സ്വാധീനം ചെലുത്തുമ്പോൾ ഓരോ ശാസ്ത്രീയ കലാരൂപത്തിനും ദേശി പാരമ്പര്യത്തിലധിഷ്ഠിതമായ രീതിശാസ്ത്രം കൈമുതലാകുന്നു. കേരളീയ സംസ്കാരത്തിന്റെ ലാവണ്യദർശനവും ആന്തരിക സ്വഭാവവും എല്ലാക്കാലത്തും തനിമയോടെ നിലനിൽക്കുന്നതിന് മോഹിനിയാട്ടത്തെ പ്രാപ്തമാക്കുന്നത് ഇത്തരം ദേശീഘടകങ്ങളാണ്.

ഏ.ഡി. 1700 മുതൽ 'മോഹിനിയാട്ടം' എന്ന പദം സാഹിത്യങ്ങളിൽ സൂചിപ്പിക്കപ്പെടുന്നുണ്ട്. സ്വാതിതിരുനാളിനു മുമ്പുള്ള മോഹിനിയാട്ടത്തിൽ തുടങ്ങി അദ്ദേഹത്തിന്റെ കാലത്തെ വളർച്ചയും അതിനുശേഷമുള്ള പതനാവസ്ഥയും പിന്നീട് കലാമണ്ഡലത്തിൽക്കൂടി നേടിയെടുത്ത പുനരുജ്ജീവനവും വളർച്ചയും ആധുനിക മോഹിനിയാട്ടചരിത്രത്തിന്റെ പിൻവഴികളാണ്. 19-ാം നൂറ്റാണ്ടിന്റെ ഉത്തരാർദ്ധം മുതൽ 20-ാം നൂറ്റാണ്ടിന്റെ ആദ്യത്തെ ഒന്നു രണ്ടു ദശകങ്ങൾ ഉൾപ്പെടുന്ന കാലം മോഹിനിയാട്ടത്തിന്റെ അപചയഘട്ടമായി കണക്കാക്കുന്നു.

ബ്രിട്ടീഷ് ഗവൺമെന്റ് നടപ്പാക്കിയ ദാസിയാട്ട നിരോധന നിയമം മോഹിനിയാട്ടത്തെ പ്രതികൂലമായി ബാധിക്കുകയും ഈ കല കേരളത്തിൽ നിരോധിക്കുകയും ചെയ്തു. ഒരു ശാസ്ത്രീയ നൃത്തരൂപം എന്ന നിലയിൽ മോഹിനിയാട്ടം കേരള സാംസ്കാരിക ചരിത്രത്തിന്റെ ഭാഗമായി മാറുന്നത് വള്ളത്തോൾ ഈ കലയെ കലാമണ്ഡലത്തിൽ കണ്ടെടുത്തപ്പോഴാണ്.

1. ദേശീ പാരമ്പര്യം മോഹിനിയാട്ടത്തിൽ

അധഃപതനകാലത്തെ നിരോധാവസ്ഥയുടെ അന്ധകാരത്തിൽ നിന്നും മോഹിനിയാട്ടത്തെ വീണ്ടെടുക്കാൻ വള്ളത്തോൾ തീരുമാനിച്ചപ്പോൾ, കലയുടെ അംശത്തിലുപരിയായി മോഹിനിയാട്ടത്തിൽ നിലനിന്നിരുന്ന സഭ്യേതര ഘടകങ്ങളെ ഒഴിവാക്കി അതിന്റെ കലാമൂല്യമുയർത്താനാണ് അദ്ദേഹം ശ്രദ്ധിച്ചത്. ചിട്ടകളും നിയമങ്ങളും ലളിതമായിരുന്നതിനാൽ മൂല്യച്യുതി സംഭവിച്ച മൂക്കുത്തി, ഏശൽ, പൊലികളി, ചന്ദനം, കുറത്തി മുതലായ നാടോടി പാരമ്പര്യ ഇനങ്ങൾ ഒഴിവാക്കിയാണ് കലാമണ്ഡലത്തിൽ പുതിയ പാഠ്യപദ്ധതി തയ്യാറാക്കിയത്. അതിനാലാണ് പിൽക്കാലത്ത് ഈ നാടോടി ഇനങ്ങൾ അവഗണിക്കപ്പെട്ടത്. കേരളത്തിലെ നാടൻ കലാരൂപങ്ങളുമായി പാരസ്പര്യം പുലർത്തുന്ന ഇനങ്ങളാണ് മോഹിനിയാട്ടത്തിൽ നാടോടി പാരമ്പര്യത്തിൽ നിലനിന്നിരുന്നത്. ഈ ഇനങ്ങളിലെല്ലാം നർത്തകിയെ 'കുറത്തി'യായിട്ടാണ് സങ്കല്പിച്ചിരിക്കുന്നത്.

1.1. ഇനങ്ങളും സവിശേഷതകളും

1. പൊലികളി

അനുഷ്ഠാന കലാരൂപങ്ങളായ തെയ്യം, തോറ്റം മുതലായവയുടെ ആരംഭത്തിൽ ഉപയോഗിക്കുന്ന മംഗളസ്തുതിയാണ് പൊലി. പൊലിയ്ക്കുക എന്നതിന് വർദ്ധിക്കുക, പ്രശംസിക്കുക, മംഗളം പാടുക തുടങ്ങിയ അർത്ഥങ്ങൾ നൽകാനാവുന്നു. 'പൊലിക ഭഗവതിയെ... തിരുനാമം പൊലിക' എന്നാരംഭിക്കുന്ന ദേവിസ്തുതികളാണ് അവയിലധികവും. പിന്നീടത് പണം പൊലിക്കുന്നതിനു വേണ്ടിയുള്ള പൊലിക്കുത്തുകളായി മാറി. പൊലിയോടു സാമ്യമുള്ള 'ഭഗവതി കല്യാണി, ദേഹിമേ മംഗളം' എന്നാരംഭിക്കുന്ന മംഗള സ്തുതി ഇന്നത്തെ മോഹിനിയാട്ടക്കച്ചേരിയുടെ ആദ്യയിനമായ ചൊൽക്കെട്ടിൽ കണ്ടെത്താൻ സാധിക്കുന്നുണ്ട്.

2. ഏശൽ

ലക്ഷ്മി-പാർവ്വതിമാർ എന്ന സങ്കല്പത്തിലുള്ള രണ്ട് കുറത്തികളുടെ നൃത്തമാണ് 'ഏശൽ'. ഇവരുടെ പരസ്പരമുള്ള കളിയാക്കലും കലഹവുമാണ് ഏശലിന്റെ ഇതിവൃത്തം. നാടോടി നാടകമായ കാക്കാരിശ്ശി നാടകത്തിലെ ഒരു പ്രധാന ഇനം കൂടിയാണ് ഈ നൃത്തം.

3. ചന്ദനം

ചന്ദനം നിറച്ച കലശവുമായി ചെയ്യുന്ന നൃത്തയിനമാണ് ഇത്. കളഭത്തിന്റെയും കലശത്തിന്റെയും ഗുണങ്ങളെ പ്രകീർത്തിച്ചുകൊണ്ടുള്ള സാഹിത്യം ഉപയോഗിക്കുന്നു. പ്രേക്ഷകരുടെ ഇടയിൽ ഇറങ്ങി ശൃംഗാരചേഷ്ടകൾ പ്രകടിപ്പിച്ച് ചുവടുവെയ്ക്കുന്നു.

4. മൂക്കുത്തി

രത്നങ്ങൾ പതിച്ച മൂക്കുത്തി നഷ്ടപ്പെട്ടുവെന്നും അതു തിരയുകയാണെന്നുമുള്ള ഭാവത്തിൽ മൂക്കുത്തിയെ വർണ്ണിച്ച് നർത്തകി ചെയ്യുന്ന ഇനമാണ് ഇത്. അഭിനയസാദ്ധ്യത ഏറെയുള്ള ആട്ടമാണിത്. ആദ്യന്തം ശൃംഗാരമാണ് വിഷയം. ദ്രുതകാലത്തിലുള്ള ചൊല്ലുകളും ഗ്രാമീണ സ്വഭാവവുമാണ് മുഖ്യം.

5. കുറത്തി

തമിഴ്നാട്ടിലെ ദേവദാസി പാരമ്പര്യത്തിന്റെ സ്വാധീനമുള്ള ഇനമാണ് കുറത്തി. ഭാവിപ്രവചനം, കൈനോട്ടം മുതലായ സ്വഭാവ വിശേഷങ്ങളുള്ള കഥാപാത്രമാണ് കുറത്തി. വിഷ്ണുവിന്റെ മായാരൂപമാണത് എന്ന് കരുതപ്പെടുന്നു.

6. പുല്ലാംഗി

കൊട്ടാര സമ്പ്രദായത്തിന്റെ പിന്മാറ്റത്തിനു ശേഷം ആ നൃത്തച്ചിട്ടകളെ അനുകരിച്ച് നാടൻ നർത്തകിമാർ ചെയ്തിരുന്ന കലയാണ് പുല്ലാംഗി. ഭക്തിനിർഭരമാണ് ഇതിവൃത്തം. ആസാം, മണിപ്പൂർ തുടങ്ങിയ പ്രദേശങ്ങളിലെ സ്ത്രീനൃത്തവുമായി ഇതിനു സാമ്യമുണ്ട്.

കേരളത്തിലെ അനുഷ്ഠാന കലാരൂപങ്ങളിൽ കുറത്തിക്ക് പ്രാധാന്യമേറെയാണ്. നാടോടി പാരമ്പര്യത്തിലെ അമ്മദൈവങ്ങളുടെ ചൈതന്യം ഉൾക്കൊള്ളുന്ന സ്ത്രീ സങ്കല്പങ്ങളാണ് ഇവയെല്ലാം. പിൽക്കാലത്ത് ഈ ഇനങ്ങളുടെ അന്തഃസത്ത നശിക്കുകയും അരങ്ങിൽ നിന്ന് കാണികൾക്കിടയിലേക്കിറങ്ങി ചെന്ന് അധഃപതിക്കുകയും അശ്ലീലത കടന്നുകൂടുകയും ചെയ്തപ്പോഴാണ് ഇവയെല്ലാം നാശോന്മുഖമായത്.

2. ആധുനിക മോഹിനിയാട്ടത്തിലെ ദേശി സ്വാധീനം

കേരളീയ സ്ത്രീനൃത്തരൂപമായ കൈകൊട്ടിക്കളിയുടെ ചലനങ്ങളും ചുവടുകളും ആയോധന കലയായ കളരിപ്പയറ്റിന്റെ മെയ്യഭ്യാസസങ്കേതങ്ങളും, മോഹിനിയാട്ടത്തിന്റെ ഘടനാസങ്കേതങ്ങൾക്ക് മാർഗ്ഗദർശിയായിട്ടുണ്ട്. കേരളത്തിന്റെ അടിസ്ഥാന പ്രവൃത്തികൾക്കെല്ലാം വൃത്തരൂപങ്ങളോട് അവിഭാജ്യബന്ധമുണ്ട്. ക്ഷേത്ര ശ്രീകോവിലുകൾ, പ്രദക്ഷിണസമ്പ്രദായം, താഴികക്കുടങ്ങൾ, കളമെഴുത്ത് ഇവയിലെല്ലാം വൃത്താകൃതിയോടുള്ള ആധമർണ്യം പ്രകടമാണ്. മോഹിനിയാട്ടത്തിലെ അംഗചലനങ്ങൾ, അംഗവിക്ഷേപങ്ങൾ, വസ്ത്രധാരണം ഇവയിലെല്ലാം വൃത്താകൃതി പ്രകടമാണ്. പ്രകൃതിയിലെ ആന്ദോളനങ്ങളിൽ നിന്നും മോഹിനിയാട്ടം സ്വീകരിച്ച വർത്തുളസ്വഭാവം ഇതിലെ നൃത്തവിന്യാസങ്ങളെ മറ്റു നൃത്തരൂപങ്ങളിൽനിന്നും വ്യത്യാസപ്പെടുത്തുന്നു. കേരളത്തിന്റെ പ്രാചീനവും ബൃഹത്തരവുമായ പാട്ടുപാരമ്പര്യത്തിന്റെ സ്വാധീനം മോഹിനിയാട്ട സംഗീതത്തിൽ കാണാൻ കഴിയുന്നുണ്ട്. സാഹിത്യ കൃതികൾക്കുപരിയായി കേരളത്തിന്റെ താളപാരമ്പര്യവുമായി ബന്ധപ്പെട്ടു നിൽക്കുന്ന വായ്ത്താരികളുടെ ഉപയോഗം വാചികത്തിൽ ദേശി സാന്നിദ്ധ്യം നൽകുന്നുണ്ട്.

ദേശി കലാരൂപങ്ങളിൽ പ്രതിഫലിക്കുന്നത് പ്രാദേശിക ജനതയുടെ ഹൃദയമാണ്. ആ അംശങ്ങൾ നഷ്ടപ്പെടാതെ സൂക്ഷിക്കുമ്പോഴാണ് ഒരു കലയുടെ ചൈതന്യം കാത്തുസൂക്ഷിക്കാൻ സാധിക്കുന്നത്. പാരമ്പര്യത്തെ മറന്നുകൊണ്ടല്ല, മറിച്ച് അതിനെ പലവിധത്തിൽ പുതുക്കിപ്പണിതുകൊണ്ട് ആധുനീകരിക്കപ്പെടുകയാണ് വേണ്ടത്.

സഹായക ഗ്രന്ഥങ്ങൾ

1. ലീലാ ഓംചേരി, ദീപ്തി ഓംചേരി ഭല്ല; കേരളത്തിലെ ലാസ്യ രചനകൾ-തളിനങ്കനടനം തുടങ്ങി മോഹിനിയാട്ടം വരെ. കോട്ടയം: ഡി.സി. ബുക്സ്, 2001.
2. വേണുജി, നിർമ്മല പണിക്കർ. മോഹിനിയാട്ടം —ആട്ടപ്രകാരവും മുദ്രകളും. 3-ാം പ, ഇരിങ്ങാലക്കുട: നടനകൈരളി, 2004.
3. നാരായണപ്പണിക്കർ, കാവാലം. സോപാനതത്ത്വം. കോഴിക്കോട്: മാതൃഭൂമി ബുക്സ്, 2011.

അക്ഷര എം. ദാസ്
ഗവേഷക,
കലാമണ്ഡലം, ചെറുതുരുത്തി.
Email: aksharabijeesh@gmail.com